LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം കേന്ദ്രങ്ങളിലെ താല്ക്കാലിക ജീവനക്കാരുടെ ശമ്പള കുടിശ്ശിക

135(745) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനമില്ലാത്തതുകാരണം സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ താല്ക്കാലിക ജീവനക്കാർക്ക് ശമ്പളം നിലച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്ന് ഇത്തരത്തിൽ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(ബി) കോഴിക്കോട് ജില്ലയിലെ കാപ്പാട് ഉൾപ്പെടെയുള്ള ടൂറിസം കേന്ദ്രങ്ങളിൽ ഡി.റ്റി.പി.സി. മുൻകയ്യെടുത്ത് നടത്തുന്ന സ്ഥാപനങ്ങളിലടക്കം മാസങ്ങളായി ശമ്പളം കുടിശ്ശികയായവർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം നൽകുവാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

കോഴിക്കോട് ഡി.റ്റി.പി.സി.-ക്കുകീഴിലുള്ള കാപ്പാട് അടക്കമുള്ള എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും ജീവനക്കാർക്ക് ജൂൺ മാസം വരെയുള്ള ശമ്പളം വിതരണം ചെയ്തിട്ടുള്ളതിനാൽ കുടിശ്ശിക നിലവിലില്ല.

കൊച്ചിയിലെ കേബിൾ കാർ സംവിധാനം

136(746) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചിയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് വൈപ്പിൻ-ഫോർട്ടു കൊച്ചി, എറണാകുളം-മറൈൻഡ്രൈവ്-ബോൾഗാട്ടിപാലസ്-മുളവുകാട്-വല്ലാർപാടം-രാമൻ തുരുത്ത് എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് കേബിൾ കാർ സംവിധാനം കൊണ്ടു വരുന്നതിനുള്ള പദ്ധതി പരിഗണിക്കുമോ?

പരിശോധിക്കാവുന്നതാണ്.

വിനോദസഞ്ചാര പുനരുജ്ജീവന പദ്ധതി

137(747) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം വിനോദസഞ്ചാര മേഖല അഭിമുഖീകരിക്കുന്ന ഗുരുതര പ്രതിസന്ധി പരിഹരിക്കുന്നതിനായി പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ?

കോവിഡ് മഹാമാരിമൂലം വിനോദസഞ്ചാര മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ പ്രത്യേക പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.